# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - അംഗൻവാടി കെട്ടിടങ്ങളുടെ അറ്റകുറ്റപണി, ഭൗതിക സാഹചര്യ ങ്ങളുടെ വിപുലീകരണം, മുതലായ പ്രവർത്തനങ്ങൾക്ക് വികസന ഫണ്ടിൽ നിന്നും പണം ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ.(സാധാ)നം.215/2014/ത.സ്വ.ഭ.വ** **തീയതി, തിരുവനന്തപുരം, 23/01/2014.**

---

പരാമർശം:- 1) സാമൂഹ്യ നീതി ഡയറക്ടറുടെ 25/11/2013 ലെ കുറിപ്പ്

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ-ഓഡിനേഷൻ കമ്മിറ്റിയുടെ 27/11/2013 ലെ തീരുമാനം നമ്പർ 2.3

## ഉത്തരവ്

സംസ്ഥാനത്തെ അംഗൻവാടി കെട്ടിടങ്ങളുടെ നിർമ്മാണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് 40% ൽ കൂടുതൽ വരുന്ന മെറ്റീരിയൽ കംമ്പോണന്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം സാമൂഹ്യ നീതി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു. പരാമർശം (2) പ്രകാരം ഈ ആവശ്യം അംഗീകരിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ-ഓഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നമ്പർ 2.3 ന്റെ അടിസ്ഥാനത്തിൽ അംഗൻ വാടികളുടെ കെട്ടിട നിർമ്മാണം, അവയുടെ വാർഷിക അറ്റകുറ്റപണി, ഭൗതിക സാഹചര്യ ങ്ങളുടെ വിപുലീകരണം, വാടക കെട്ടിടങ്ങളുടെ വർദ്ധിച്ച വാടക എന്നിവയ്ക്കാവശ്യമായ ചെലവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതിനും 40% ൽ കൂടുതൽ വരുന്ന മെറ്റീരിയൽ കംമ്പോണന്റ് അതതു പഞ്ചായത്തുകളുടെ വികസന ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**വി.ശോഭ**
**സ്പെഷ്യൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സാമൂഹ്യ നീതി ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർ
എല്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ / സെക്രട്ടറിമാർ(പഞ്ചായത്ത് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എൽ.ബി.എ.&എ)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻപ്രകാരം

Sub

സെക്ഷൻ ഓഫീസർ